# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 83 08.03.2012 - ലെ മറുപടി

## പ്രതിവർഷം ആയിരം ബസ്സുകൾ നിരത്തിലിറക്കുമെന്ന പ്രഖ്യാപനം

**ചോദ്യം** **ഉത്തരം**

ശ്രീ. സി. കൃഷ്ണൻ
ശ്രീ. ഇ. പി. ജയരാജൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി പ്രതിവർഷം ആയിരം ബസ്സുകൾ നിരത്തിലിറക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.ആർ.ടി.സി. നടപ്പുവർഷം 1000 ബസ്സുകൾ പുറത്തിറക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 1000 പുതിയ ബസ്സുകൾ നടപ്പുസാമ്പത്തിക വർഷത്തിൽ പുറത്തിറക്കുമെന്ന പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത വിഷയം കെ.എസ്.ആർ.സി.യുടെ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തിനായി അവതരിപ്പിക്കുകയും 21.03.2011 -ാം തീയതിയിലെ 362-ാം മത് യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് വിവിധ ധനകാര്യ സ്ഥാപങ്ങളുമായി കൂടിയാലോചിച്ചതിന്റെ ഫലമായി ഏറ്റവും കുറഞ്ഞ പലിശ നിരക്ക് വാഗ്ദാനം ചെയ്ത HUDCO - ൽ നിന്ന് 70 കോടി രൂപ വായ്പ എടുത്ത് ആദ്യഘട്ടത്തിൽ 500 ബസ്സുകൾ വാങ്ങുവാൻ നിശ്ചയിച്ചു. കൂടാതെ പദ്ധതിവിഹിതത്തിൽപ്പെടുത്തി 20 കോടി രൂപ ചെലവിൽ 125 ബസ്സുകൾ എറണാകുളം ജില്ലയിൽ സിറ്റി സർവ്വീസ് തുടങ്ങുന്നതിനും, മലപ്പുറം ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിലുള്ള പെൺകുട്ടികൾക്ക് പട്ടണത്തിൽപോയി വിദ്യാഭ്യാസം നേടുന്നതിനായി സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടികളും |

| | | | |
|---|---|---|---|
| | | | നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട ജോലികൾ അനുദിനം പുരോഗമിച്ചു വരുന്നു. നാളിതുവരെ 625 ചേസ്സിസ്സുകൾക്ക് ഓർഡർ നൽകുകയും 406 ചേസിസ്സുകൾ വാങ്ങുകയും 149 ബസ്സുകൾ പണിതീർത്ത് നിരത്തിലിറക്കുകയും ചെയ്തു. അവശേഷിക്കുന്ന 257 ചേസ്സിസ്സുകളുടെ ബോഡി നിർമ്മാണ ജോലികൾ ദ്രുതഗതിയിൽ തീർന്നുവരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ അഞ്ച് വർക്ക്ഷോപ്പുകളായ സെൻട്രൽ വർക്സ് പാപ്പനംകോട്, റീജിയണൽ വർക്ക്ഷോപ്പുകളായ മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നിവിടങ്ങളിലായി ബസ് ബോഡി നിർമ്മാണം നടന്നു വരുന്നു. 149 ബസ്സുകൾ ബോഡി നിർമ്മാണം കഴിഞ്ഞ് നിരത്തിലിറക്കിയിട്ടുണ്ട്. ശേഷിക്കുന്ന 257 ചേസ്സിസ്സുകളുടെ ബോഡി നിർമ്മാണ ജോലികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ ശേഷിച്ച 375 പുതിയ ചേസ്സിസ്സുകൾ കൂടി വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| (ബി) | ആയിരം പുതിയ ബസ്സുകളും 138 പുതിയ ലോ ഫ്ളോർ ബസ്സുകളും ഈ വർഷം നിരത്തിലിറക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ബഡ്ജറ്റ് പ്രഖ്യാപനത്തിലുള്ള JnNURM പദ്ധതിയിൽപ്പെട്ട 138 ലോ ഫ്ളോർ ബസ്സുകളിൽ 106 ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തികൊണ്ടിരിക്കുന്നു. 18 എ.സി. ലോ ഫ്ളോർ ബസ്സുകളും, 14 സെമി ലോ ഫ്ളോർ ബസ്സുകളും ഇനിയും ലഭ്യമാകാനുണ്ട് പ്രസ്തുത ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതാണ്. |
| (സി) | കെ.എസ്.ആർ.ടി.സി യുടെ വർക്കുഷോപ്പുകളിലെ ബസ് ബോഡി നിർമ്മാണത്തിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (സി) | ഏതാനും ബോഡി നിർമ്മാണ സാമഗ്രികളുടെ കുറവ് വന്നിട്ടുണ്ടെങ്കിലും ഇത് പരിഹരിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ